**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** **11-06-2024 - ൽ മറുപടിയ്ക്ക്**

## ഇ-വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ ഒ . ആർ. കേളു** | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) വയനാട് ജില്ലയിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി വൈദ്യുതി വകുപ്പിന്റെ കീഴിൽ ഉള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ; | (എ) കെ എസ് ഇ ബി എല്ലിന്റെ കീഴിൽ ഉള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ<br><br>വയനാട് ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 25 പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകളും, ബാണാസുരസാഗർ അണക്കെട്ടിന് സമീപവും വൈത്തിരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു സമീപവുമായി രണ്ട് വൈദ്യുത വാഹന ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 25 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളെ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു. |

| ക്രമ നമ്പർ | സെക്ഷൻ | സ്ഥലം |
|---|---|---|
| 1-4 | കൽപറ്റ | എസ്.കെ.എം.ജെ. സ്കൂൾ |
| | | ഇ-പ്ലാന്റ് |
| | | പൊഴമുടിപ്പാലം |
| | | കൈനാട്ടി |
| 5 | കമ്പളക്കാട് | ക്രൈം ബ്രാഞ്ച് ഓഫീസ് |
| 6 | മേപ്പാട്ടി | ഗവ.യു.പി. സ്കൂൾ |
| 7. | വൈത്തിരി | സെക്ഷൻ ഓഫീസ് |
| 8. | മുട്ടിൽ | ഓട്ടോസ്റ്റാന്റ് |
| 9-11 | മീനങ്ങാടി | പി.ബി.എം. |
| | | ഫെയ്മസ് ബേക്കറി |
| | | കേണിച്ചിറ ബസ് സ്റ്റാന്റ് |
| 12-13 | സുൽത്താൻ ബത്തേരി | സെക്ഷൻ ഓഫീസിന്റെ അടുത്ത് |
| | | ശാന്തിനഗർ, കോട്ടക്കുന്ന് |
| 14 | സുൽത്താൻ ബത്തേരി വെസ്റ്റ് | സെക്ഷൻ ഓഫീസിന്റെ അടുത്ത് |
| 15 | അമ്പലവയൽ | അമ്പലവയൽ ടൗൺ<br><br>സൗത്ത് ഇന്ത്യൻ ബാങ്ക് |
| 16 | കാട്ടിക്കുളം | പി.എച്ച്.സി. ക്ക് സമീപം |
| 17 | കോറോം | ജുമാമസ്ജിദ് ന് സമീപം |
| 18 | തവിഞ്ഞാൽ | തലപുഴ സെൻട്രൽ എക്സൈസ് ഓഫീസിനു സമീപം |

| | | |
|---|---|---|
| 19-20 | മാനന്തവാടി | സോളിഡാരിറ്റി ലൈബ്രറിക്ക് സമീപം |
| | | സെക്ഷൻ ഓഫീസിനു സമീപം |
| 21-23 | പനമരം | അഞ്ചാം മൈൽ അഞ്ചുകുന്ന് |
| | | ക്രെസെൻറ് സ്കൂളിന് സമീപം |
| | | നടവയൽ |
| 24 | പുൽപ്പള്ളി | ഈസ്റ്റ് അവന്യൂ മാളിന് സമീപം |
| 25 | വെള്ളമുണ്ട | പത്താം മൈൽ, വെള്ളമുണ്ട |

**<u>അനെർട്ടിന്റെ കീഴിൽ ഉള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>**

വയനാട് ജില്ലയിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി അനെർട്ട് വഴി സാമ്പത്തിക സഹായം നൽകി സ്ഥാപിച്ച ഡി സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷന്റെ വിശദമായ വിവരം താഴെ ചേർക്കുന്നു:

| District/<br>Constituency | Capacity of Solar plant & Amount of subsidy released | Capacity of DC fast charger & Amount of subsidy released | Details of Location with Details of Land owner |
|---|---|---|---|
| Wayanad/<br>Kalppatta | 50 kW<br>Rs.10,00,000/- | 60 kW<br>Rs. 2,75,000/- | Mr.Aboobecker T Konfudha family Holy Days, 16/86, Vellarakunnu, Kalppetta, Wayanad |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ജില്ലയിൽ ഏതെങ്കിലും ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തനരഹിതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ബാണാസുരസാഗർ അണക്കെട്ടിന് സമീപം കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷൻ പ്രവർത്തനരഹിതമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒക്കായ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ് പ്രസ്തുത സ്റ്റേഷൻ സ്ഥാപിച്ചത്. സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയെങ്കിലും സ്പെയർ പാർട്ടുകളുടെ ലഭ്യതക്കുറവുമൂലമാണ് കാലതാമസം നേരിടുന്നതെന്ന് ഒക്കായ പവർ പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. കമ്പനിയുമായി തുടർച്ചയായി ബന്ധപ്പെട്ട് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നു.<br><br>പ്രസ്തുത ജില്ലയിൽ അനെർട്ടിന്റെ കീഴിലുള്ള ചാർജിംഗ് സ്റ്റേഷനുകൾ ഒന്നും തന്നെ പ്രവർത്തനരഹിതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജില്ലയിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ ജില്ലകളിലുമായി കെ.എസ്.ഇ.ബി.എൽ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ (വയനാട് ജില്ലയിലെ 33 എണ്ണം ഉൾപ്പെടെ) വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.<br><br>കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. വയനാട് ജില്ലയിലെ വനം വകുപ്പിന്റെ കീഴിലുള്ള മുത്തങ്ങ ചെക്ക് പോസ്റ്റ് 82 kW ശേഷിയുള്ള ചാർജിംഗ് മെഷീനും, (60 kW CCS2 + 22 kW Type 2 AC) 100 KVA ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ